**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ദേശീയ ഗ്രാമീണ ഉപജീവന മിഷൻ - 2012-13 വർഷത്തെ സംസ്ഥാന വിഹിതത്തിലെ ബാക്കി തുക അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)2503/16/തസ്വഭവ** **തിരുവനന്തപുരം, തീയതി: 23/08/2016.**

==========================================================================

പരാമർശം: 1. സ.ഉ (സാധാ) നം. 634/2013/തസ്വഭവ തീയതി 13-03-2013

2. സ.ഉ (സാധാ) നം. 1916/2013/തസ്വഭവ തീയതി 19-07-2013

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01-07-2014 തീയതിയിലെ കെ.എസ്/എം/5327/2012 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) പദ്ധതിയുടെ 2012-13 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന സംസ്ഥാന വിഹിതമായ 13.63 കോടി രൂപയിൽ 6.56 കോടി രൂപ പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. 2012-13 വർഷത്തേക്കുള്ള ബാക്കി തുകയായ 7.07 കോടി രൂപ അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി തുക കുടുംബശ്രീ മിഷന് നാളിതുവരെ ലഭ്യമായിട്ടില്ല എന്നും എൻ.ആർ.എൽ.എം പദ്ധതിക്ക് ബാക്കിയുള്ള സംസ്ഥാന വിഹിതം ലഭ്യമാകാത്തപക്ഷം അടുത്ത ഗഡു കേന്ദ്ര വിഹിതം കുടുംബശ്രീയ്ക്ക് ലഭിക്കില്ലായെന്നും പരാമർശം (3)-ലെ കത്തു മുഖേന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ തുക ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻ.ആർ.എൽ.എം പദ്ധതിയുടെ 2012-13 വർഷത്തെ സംസ്ഥാന വിഹിതത്തിൽ ബാക്കിയുള്ള തുകയായ 7.07 കോടി രൂപ 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 2501-06-197-48-(04)-(SS) for NRLM Scheme എന്ന ശീർഷകത്തിൽ നിന്നും കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് ( 26.7.16 ലെ Dev-2/130/14-ധന. പ്രകാരം)
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്